# ഭാഷാസാഹിതി

കേരളസർവകലാശാല മലയാളവിഭാഗത്തിന്റെ
ത്രൈമാസികപ്രസിദ്ധീകരണം

PEER REVIEWED JOURNAL

**180**



## ഉള്ളടക്കം


| | | | |
|---|---|---|---|
| | ഡോ. കെ. കെ. ശിവദാസ് | 5 | ആമുഖം |
| 1. | ഡോ. തോമസ് സ്കറിയ | 7 | പൊട്ടുന്നവിത്തും വിരിയുന്ന മുട്ടയും റഫീക്ക്അഹമ്മദിന്റെ കവിതകൾക്ക് ഒരു പാരിസ്ഥിതികവായന |
| 2. | ഡോ. ബിൻസ് എം. മാത്യു | 16 | മലയാളകവിതയിലെ കാല്പനിക - പൂർവ്വഘട്ടത്തിന്റെ അകംപൊരുൾ |
| 3. | ഡോ. രാജു ജേക്കബ് | 25 | നാരായന്റെ കൊച്ചരേത്തി : ഒരു സാംസ്കാരിക പഠനം. |
| 4. | ഡോ. പ്രിൻസ് മോൻ ജോസ് | 39 | പ്രാദേശികസംസ്കൃതിയും ജീവിതവും, സന്തോഷ് ജെ.കെ.വി.യുടെ കഥകളിൽ |
| 5. | ഡോ. ജൈനിമോൾ കെ. വി. | 48 | യാത്രാവിവരണങ്ങളിലെ കാല്പനികത |
| 6. | ഡോ. സുവർണ്ണിനി ദേവി ഇ. | 57 | ഭാരതകഥാപാത്രപഠനങ്ങൾ - സങ്കല്പവും സമാനതകളും |
| 7. | ഡോ. അനില തോമസ് | 65 | മാധ്യമസംസ്കാരത്തിന്റെ സ്വാധീനം. സന്തോഷ് ഏച്ചിക്കാനത്തിന്റെ കഥകളിൽ |
| 8. | ഡോ. അഭിലാഷ് ഡോമിനിക്ക് | 81 | വെടിവെപ്പ് മത്സരത്തിലെ രാഷ്ട്രീയ വിചാരവും സാമൂഹിക വിചാരണകളും |
| 9. | ഡോ. സവിത ഇ. | 92 | ഉടൽരാഷ്ട്രീയം ഗ്രേസിയുടെ കഥകളിൽ |

# യാത്രാവിവരണങ്ങളിലെ കാല്പനികത

**ഡോ. ജെനിമോൾ കെ. വി.**
**അസിസ്റ്റന്റ് പ്രൊഫസർ**
**സി.എ.എസ്. കോളേജ്, മാടായി**

**സംഗ്രഹം**

സാഹിത്യത്തെ യാത്രകളോടും യാത്രകളെ സാഹിത്യത്തോടു ചേർത്തുനിർത്തിയ എഴുത്തുകാരനാണ് എസ്.കെ.പൊറ്റെക്കാട്. അദ്ദേഹത്തിന്റെ യാത്രാവിവരണങ്ങളിൽ കാല്പനികപ്രവണതകൾ എത്രത്തോളമുണ്ട് എന്ന് അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം

**താക്കോൽവാക്കുകൾ**

പ്രകൃതി, പ്രകൃതിബോധം, ആത്മനിഷ്ഠത, വ്യക്തിസ്വത്വം

**ആമുഖം**

സകലതിലേക്കും പ്രസരിക്കുന്ന ഒരു സംസ്കാരമാണ് കാല്പനികത[1]. അത് ഒരു പ്രത്യേക കാലഘട്ടത്തിലോ കവിതപോലൊരു സാഹിത്യരൂപത്തിലോ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നല്ല. കാല്പനികതയെ ഒരു മനോഭാവം എന്ന രീതിയിൽ വിലയിരുത്താവുന്നതാണ്. പൊതുവെ റിയലിസത്തിനെതിരായ ഒരു പ്രസ്ഥാനമായാണ് കാല്പനികതയെ വീക്ഷിക്കുന്നത്. ക്ലാസിക് സൃഷ്ടികളിലും റിയലിസ്റ്റിക് സൃഷ്ടികളിലും കാല്പനിക ഭാവങ്ങൾ ധാരാളമായി കടന്നുവന്നിട്ടുണ്ട്. ആ പ്രസ്ഥാനങ്ങളുടെ ലേബലുള്ള എഴുത്തുകാരിൽ പ്രബലമായിത്തന്നെ കാല്പനിക സ്വഭാവങ്ങൾ കാണാൻ കഴിയുമെന്ന് മനസ്സിലാക്കുമ്പോൾ റൊമാന്റിസിസം ഈ പ്രസ്ഥാനങ്ങൾക്കെതിരല്ല എന്നുവരുന്നു[2]

മലയാള ഗദ്യസാഹിത്യത്തിൽ കാല്പനികതയുടെ ഘടകങ്ങൾ പലരൂപത്തിൽ കടന്നുവന്നിട്ടുണ്ട്. പ്രത്യേകിച്ച് യാത്രാവിവരണങ്ങളിൽ